## പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാചോദ്യം നം. 1059 10.06.2019 -ൽ മറുപടിക്ക്

## കിലെയുടെ പ്രവർത്തനങ്ങൾ

**ചോദ്യം**

ശ്രീ.എൻ.എ.നെല്ലിക്കുന്ന്

**ഉത്തരം**

ശ്രീ. ടി.പി. രാമകൃഷ്ണൻ

(തൊഴിലും എക് സൈസും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലേബർ ആന്റ് എംപ്ലോയ്മെന്റ് എന്നാണ് സ്ഥാപിതമായതെന്നും ഇത്തരമൊരാശയം ആദ്യമായി ആരാണ് മുന്നോട്ടുവച്ചതെന്നും വ്യക്തമാക്കാമോ; | (എ) | 1978 ഫെബ്രുവരി 04 ന് ആണ് കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലേബർ ആൻറ് എംപ്ലോയ്മെന്റ് സ്ഥാപിതമായത്. ശ്രീ.ഉമ്മൻചാണ്ടി തൊഴിൽ വകുപ്പുമന്ത്രി ആയിരുന്ന കാലത്താണ് ഇൻസ്റ്റിറ്റ്യൂട്ട് ആരംഭിക്കുന്നത്. |
| (ബി) | കിലെ ഇതുവരെ നടത്തിയ പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്നും ഈ പ്രവർത്തനങ്ങൾക്കു ചെലവഴിച്ച തുക എത്രയാണെന്നും വ്യക്തമാക്കാമോ; | (ബി) | തൊഴിൽ മേഖലയുമായി ബന്ധപ്പെട്ട പരിശീലന പരിപാടികൾ, ശില്പശാലകൾ, സെമിനാറുകൾ, അനുസ്മരണ പ്രഭാഷണങ്ങൾ എന്നിവ കിലെ സംഘടിപ്പിച്ചു വരുന്നു. കൂടാതെ തൊഴിൽ മേഖലയുമായി ബന്ധപ്പെട്ട വിവിധ വിഷയങ്ങളിലായി ഗവേഷണപഠനങ്ങളും പ്രസിദ്ധീകരണങ്ങളും കിലെ നടത്തുന്നു. ഈ പ്രവർത്തനങ്ങൾക്കായി ലഭ്യമായ രേഖകൾ പ്രകാരം 6,52,33,151/- രൂപ ചെലവഴിച്ചിട്ടുണ്ട്. ഐ.ഐ.റ്റി.എം എന്ന സ്ഥാപനവുമായി ചേർന്ന് 5 സർട്ടിഫിക്കറ്റ് കോഴ്സുകൾ, 2 ഡിപ്ലോമാ കോഴ്സുകൾ, 2 പി.ജി. ഡിപ്ലോമാ കോഴ്സുകൾ എന്നിവ കിലെ നടത്തിയിരുന്നു. ഇപ്രകാരം 206 പട്ടികജാതി വിദ്യാർത്ഥികൾ ഉൾപ്പെടെ 1808 വിദ്യാർത്ഥികൾ കോഴ്സ് പാസ്സാവുകയും, 1094 പേർക്ക് ഇൻഡ്യയിലും വിദേശത്തുമായി ജോലി ലഭിക്കുകയും ചെയ്തിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | കിലെയുടെ പ്രവർത്തനങ്ങൾക്കുള്ള ഫണ്ട് എവിടെനിന്നാണ് ലഭ്യമാകുന്നതെന്ന് വ്യക്തമാക്കാമോ; | (സി) | കേരള സർക്കാരിന്റെ ഗ്രാന്റ് ഇൻ എയ്ഡ് |
| (ഡി) | കിലെയുടെ ആസ്ഥാനമെവിടെ-യാണെന്നും ജില്ലകളിൽ കിലെയുടെ പ്രവർത്തനങ്ങളും പരിപാടികളും സംഘടിപ്പിക്കാറുണ്ടോ എന്നും എങ്കിൽ അത്തരത്തിൽ ഇതുവരെ നടത്തിയ പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്നും ജില്ല തിരിച്ച് വ്യക്തമാക്കാമോ? | (ഡി) | തിരുവനന്തപുരം ആണ് കിലെയുടെ ആസ്ഥാനം. മറ്റ് ജില്ലകളിലും കിലെയുടെ പ്രവർത്തനങ്ങളും പരിപാടികളും സംഘടിപ്പി-ക്കുന്നുണ്ട്. കിലെ ഓരോ ജില്ലയിലും പരിശീലന പരിപാടികളും, ശില്പശാലകളും, സെമിനാറുകളും, അനുസ്മരണ പ്രഭാഷണങ്ങളും സംഘടിപ്പിച്ച് വരുന്നു. |

**സെക്ഷൻ ഓഫീസർ**